## സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം
## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ

വിഷയം:- സാമൂഹ്യ നീതി വകുപ്പ് ICPS - ഡി.സി.പി.യു വിലെ ലീഗൽ കം പ്രൊബേഷൻ ഓഫീസർമാർ, കൗൺസിലർ എന്നിവർക്കുള്ള ദ്വിദിന പരിശീലന പരിപാടി പരിശീലനാർത്ഥികളെ നിയോഗിച്ച് ഉത്തരവാകുന്നു.

പരാമർശം :- 20.07.2017 ന് സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ICPS എക്സിക്യൂട്ടീവ് കമ്മിറ്റി & സ്റ്റേറ്റ് ലെവൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ തീരുമാനം

**ഉത്തരവ് നമ്പർ - ICPS-3/28844/17 തീയതി: 24.10.2017**

സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ കീഴിലുള്ള ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിലെ ലീഗൽ കം പ്രോബേഷൻ ഓഫീസർമാർ കൗൺസിലർമാർ എന്നിവർക്ക് സോഷ്യൽ ഇൻവസ്റ്റിഗേഷൻ റിപ്പോർട്ട് കൃത്യമായും വ്യക്തതയോടുകൂടിയും തയ്യാറാക്കേതിന്റെ ആവശ്യകതയെക്കുറിച്ചും CWC കളിലെ സപ്പോർട്ട് പെഴ്സൺ എന്ന നിലയിൽ കൗൺസിലർമാരുടെ ചുമതല സംബന്ധിച്ചും വേണ്ട പരിശീലനം നൽകുക എന്ന ഉദ്ദേശത്തോടെ ഒരു ദ്വിദിനപരിശീലനം സംഘടിപ്പിയ്ക്കുന്നതിന് പരാമർശപ്രകാരം അനുമതി ലഭ്യമായിരിയ്ക്കുന്നു

പ്രസ്തുത പരിശീലനത്തിൽ DCPU കളിലെ എല്ലാ ലീഗൽ കം പ്രോബേഷൻ ഓഫീസർമാരെയും കൗൺസിലർമാരെയും 30.10.2017, 31.10.2017 തീയതികളിൽ തിരുവനന്തപുരം വെള്ളയമ്പലം വാട്ടർ അതോരിറ്റി ഹാളിൽ വച്ച് നടക്കുന്ന ദ്വിദിന പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് നിയോഗിച്ച് ഉത്തരവാകുന്നു.

എല്ലാ ലീഗൽ കം പ്രോബേഷൻ ഓഫീസർമാരും കൗൺസിലർമാരും ഇതുവരെ തയ്യാറാക്കിയിട്ടുള്ളതിൽ ഓരോ തരത്തിലും പെടുന്ന മികച്ച രണ്ടു റിപ്പോർട്ടുകൾ വീതം കൊണ്ടുവരേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിലായിരിക്കും ചർച്ചകൾ നടക്കുന്നത്.

പരിശീലനത്തിന് തലേദിവസം എത്തുന്നവർക്ക് 29.10.2017 ന് വൈകുന്നേരം 5 മണി മുതൽ വെള്ളയമ്പലം വാട്ടർ അതോരിറ്റി ഹാളിൽ താമസസൗകര്യം ലഭ്യമാണ്.

പരിശീലനത്തിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് നിയമാനുസൃതമായ ററി.എ/ഡി.എ വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതാണ്.

(ഒപ്പ്)

സാമൂഹ്യ നീതി ഡയറക്ടർ & മെമ്പർ സെക്രട്ടറി (SCPS)

- എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും.

<u>പകർപ്പ്:</u>

1. ICPS– 4
2. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

പ്രോഗ്രാം മാനേജർ